**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3413** **04-08-2021 - ൽ മറുപടിയ്ക്ക്**

**മക്ഡവൽ ഡിസ്റ്റിലറിയുടെ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ചേർത്തലയിൽ മക്ഡവൽ ഡിസ്റ്റിലറിയുടെ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; ഇതിന്റെ പ്രവർത്തനത്തിനായി സർക്കാർ ഭൂമി വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമി; ഇതിന്റെ ഉടമസ്ഥത ആർക്കാണ്; വ്യക്തമാക്കാമോ; | (എ) | 1961 ജനുവരി 21-നാണ് ആലപ്പുഴ ചേർത്തലയിൽ മക്ഡവൽ ഡിസ്റ്റിലറിയുടെ പ്രവർത്തനം ആരംഭിച്ചത്. ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി സർക്കാർ 1 ഹെക്ടർ, 94 ആർ, 25 ച. മി ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിനാണ്. |
| (ബി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തൊഴിലാളികൾക്കാണ് ഇതുമൂലം തൊഴിൽ നഷ്ടമായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കമ്പനിയുടെ പ്രവർത്തനം നിലച്ചത് മൂലം 200 ഓളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായിട്ടുണ്ട്. പ്രവർത്തനം നിലച്ചതു മൂലം പല തൊഴിലാളികളും ആനുകൂല്യം കൈപ്പറ്റിക്കൊണ്ട് VRS എടുത്തിട്ടുണ്ട്. |
| (സി) | സ്വകാര്യകമ്പനിയ്ക്കായി സർക്കാർ വിട്ടുനൽകിയ ഭൂമി കമ്പനി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ തിരിച്ചെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഭൂമി തിരിച്ചെടുക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) | പ്രസ്തുത ഭൂമിയും കമ്പനിയും ഏറ്റെടുത്ത് സർക്കാർ ഉടമസ്ഥതയിലോ സഹകരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലോ താല്പര്യമുള്ള മറ്റ് കമ്പനികൾക്കോ നൽകി പ്രവർത്തനം ഉടരാനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്താനും നടപടി സ്വീകരിക്കാമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ഡി) | ഭൂമി തിരിച്ചെടുക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ